# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുത്തൻചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.P(10)197/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തൻചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.P(10)197/2023 തീയ്യതി: 19/04/2023

## തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ. ശിവദാസൻ. എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുമിത. ടി.എസ്, അസി.ഓഡിറ്റ് ഓഫീസർ
സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| റോമി ബേബി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബെന്നി വടക്കൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 07-04-2021 | 06-05-2021 |
| ബെന്നി വടക്കൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2021 | 26-06-2021 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 26-06-2021 | 29-06-2021 |
| താജു പി.എ | സെക്രട്ടറി | 29-06-2021 | 02-07-2021 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 02-07-2021 | 14-10-2021 |
| ബെന്നി വടക്കൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-10-2021 | 21-10-2021 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 22-10-2021 | 14-12-2021 |
| ബെന്നി വടക്കൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-12-2021 | 30-12-2021 |
| ഹസീബ് അലി.പി.എം | സെക്രട്ടറി | 31-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റിങ്കു പി | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| രേഷ്മ എൻ.ടി | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| ബബിത.കെ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2021 | 05-10-2021 |
| രുക്മിണി.ടി.എൻ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി(ചാർജ്) | 06-10-2021 | 26-11-2021 |
| സുമി മണിലാൽ | അസി.എഞ്ചിനീയർ | 26-11-2021 | 31-03-2022 |
| ഡോ.രാഗി | മെഡിക്കൽ ഓഫീസർ, CHC | 01-04-2021 | 31-03-2022 |
| ഡോ. സിനി രമ്യ.കെ.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ജയസന്ധ്യ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സെയ്ൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| സുനിത.എൻ.എസ് | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| റോഷ്നി അരവിന്ദ് | വി.ഇ.ഒ, മണിയംകാവ് സർക്കിൾ | 01-04-2021 | 05-10-2021 |
| ജൂഡി.എസ് | വി.ഇ.ഒ, മണിയംകാവ് സർക്കിൾ | 06-10-2021 | 31-03-2022 |
| കണ്ണൻ.പി.എസ് | വി.ഇ.ഒ, പുത്തൻചിറ സൗത്ത് സർക്കിൾ | 01-04-2021 | 12-10-2021 |
| നിരഞ്ജൻ ശങ്കർ | വി.ഇ.ഒ, പുത്തൻചിറ സൗത്ത് സർക്കിൾ | 13-10-2021 | 31-03-2022 |
| ബെന്നി വടക്കൻ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ബീന.കെ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഇഷ മുരളി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 30-11-2021 |
| സെറീന പി ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച് | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-1 |
| 11 | ഡിമാന്റ് നിർണയിക്കുന്നതിലെ അപാകത | 1-10-2 |
| 12 | പ്രയർ പിരീഡ് ആയി ചേർത്ത തുകകൾക്ക് ആധികാരികമായ വൗച്ചറുകളുടെ പിൻബലമില്ല | 1-10-3 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-4 |
| 14 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-5 |
| 15 | സ്റ്റോക്ക് മൂല്യം സാക്ഷ്യപ്പെടുത്തി രേഖപ്പെടുത്തിയിട്ടില്ല | 1-10-6 |
| 16 | സ്റ്റെയിൽ ചെക്കുകൾ ക്രമീകരിക്കേണ്ടതാണ്. | 1-10-7 |
| 17 | വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-10-8 |
| 18 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അസി.എഞ്ചിനീയർ നൽകിയ പാർട്ട് ബിൽ കണക്ക് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-9 |
| 19 | തൊഴിൽനികുതി അപാകതകൾ | 1-11 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 21 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ | 1-13 |
| 22 | ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ കാലാനുസൃതമായി പുതുക്കേണ്ടതാണ് | 1-14 |
| 23 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ | 1-15 |
| 24 | കുട്ടൻകുളം കുന്നത്തേരി കുളം നവീകരണം -കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തത് -ലേലത്തുക അടവാക്കിയിട്ടില്ല | 1-16 |
| 25 | സാമൂഹ്യ സുരക്ഷാപെൻഷൻ - ഗുണഭോക്താക്കളുടെ മരണവിവരം മറ്റു പ്രാദേശിക സ്ഥാപനങ്ങളെ അറിയിക്കുന്നതിൽ വീഴ്ച | 1-17 |
| 26 | ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്. | 1-18 |
| 27 | സോളാർ പാനൽ സ്ഥാപിക്കൽ. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രോജക്ട് പ്രവർത്തനക്ഷമമായിട്ടില്ല. | 1-19 |
| 28 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 29 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 30 | ലൈഫ് ഭവന നിർമ്മാണം (എസ് സി) പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 31 | കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തീകരിക്കാതെ ഗുണഭോക്താക്കൾ വിട്ടു പോയി | 1-23 |
| 32 | ജലനിധി കടിശ്ശിക -76,59,839 രൂ | 1-24 |

| | | |
|---|---|---|
| 33 | അഗതിരഹിത കേരളം പദ്ധതി ലക്ഷ്യ പ്രാപ്തി നേടിയിട്ടില്ല. | 1-25 |
| 34 | സിഡ്കോവിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൽ വാങ്ങൽ -സർക്കാർ ഉത്തരവ് ഇല്ല. | 1-26 |
| 35 | മരുന്ന് മഴുവൻ ലഭ്യമായിട്ടില്ല. | 1-27 |
| 36 | ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് അധികമായി അനുവദിച്ച തുക തിരികെ നൽകി | 1-28 |
| 37 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-29 |
| 38 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. | 1-30 |
| 39 | മരാമത്ത് പദ്ധതിപ്രവർത്തനം പദ്ധതിച്ചെലവ് | 1-31 |
| 40 | കരാറുകൾ ചമക്കുന്നതിൽ അപാകത | 1-32 |
| 41 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-33 |
| 42 | എൻ. ആർ. ഇ. ജി. എസ്. കുടുംബശ്രീ ഓഫീസുകളുടെ നവീകരണം-കരാറുകാരന് കൂടുതൽ തുക അനുവദിച്ചതുമൂലം നഷ്ടം 147009/ രൂ | 1-34 |
| 43 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമല്ല | 1-35 |
| 44 | ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തിക്കുന്നില്ല | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എൻ. ആർ. ഇ. ജി. എസ്. കുടുംബശ്രീ ഓഫീസുകളുടെ നവീകരണം കരാറുകാരന് കൂടുതൽ തുക അനുവദിച്ചതുമൂലം നഷ്ടം 147009/ രൂപ | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2021 തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 335770500 | 333864810 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 22.03.2022 തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 163343544 | 160207478 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11241108.00 |
| വരവ് | 84616964.00 |
| ആകെ | 95858072.00 |
| ചെലവ് | 84821131.00 |
| നീക്കിയിരിപ്പ് | 11036941.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 10702950 | 10576138 | 126812 |
| വികസനഫണ്ട്-എസ്.സി.പി | 6414512 | 6229580 | 184932 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 18128000 | 15215421 | 2912579 |
| മെയിന്റനൻസ്-റോഡിതരം | 4900503 | 4652157 | 248346 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്Tied | 6444538 | 5141698 | 1302840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്Un Tied | 3348201 | 2438959 | 909242 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കിയ പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 166 | 122536626 | 134 | 57652803 | 47.04 | 80.72 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1764787 | 889306 | 2654093 | 2648059 | 6034 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 14998256 | 14998256 | 14998256 | ഇല്ല |
| മെറ്റീരിയൽ കോസ്റ്റ് | ഇല്ല | 396472 | 396472 | 396472 | ഇല്ല |

2648059+14998256+396472=18042787

### 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷക തൊഴിലാളി പെൻഷൻ | 9387800 | 464 |
| വിധവാ പെൻഷൻ | 16702400 | 879 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 33866000 | 1845 |
| വികലാംഗ പെൻഷൻ | 5242800 | 278 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 948800 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2023 തീയതിയിൽ 3.15 PM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14039/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-10-2 ഡിമാന്റ് നിർണയിക്കുന്നതിലെ അപാകത

3.01/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 160 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-3 പ്രയർ പിരീഡ് ആയി ചേർത്ത തുകകൾക്ക് ആധികാരികമായ വൗച്ചറുകളുടെ പിൻബലമില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I18 &I-19) | തുക |
|---|---|
| 290800701- Miscellaneous Expences | -150040 |
| 190100101- Property Tax | -6568 |
| 190200401-Other Income | 53998 |

### 1-10-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-5 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -204167 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4739142രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-6 സ്റ്റോക്ക് മൂല്യം സാക്ഷ്യപ്പെടുത്തി രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 1983 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ.വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ).

### 1-10-7 സ്റ്റെയിൽ ചെക്കുകൾ ക്രമീകരിക്കേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളിലെ കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46). ആയത് ക്രമീകരിക്കേണ്ടതാണ്.

.1. 10702024180-തനത് ഫണ്ട്. ജില്ലാ സഹകരണ ബാങ്ക്

### 1-10-8 വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വായ്പ ഇനത്തിൽ 31/3/2022 ൽ രൂപ 5138141ന് തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ ലോൺ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-10-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അസി.എഞ്ചിനീയർ നൽകിയ പാർട്ട് ബിൽ കണക്ക് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 3576421രൂപയാണ്. എന്നാൽ 31/3/2022ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2072649 രൂപ യാണ്.

### 1-11 തൊഴിൽനികുതി അപാകതകൾ

I. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 8 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാതെ കരാറുകാർ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | മനോജ് |
| 2. | നൈജോ |
| 3. | ഷാജി.കെ.കെ |
| 4. | ടിറ്റോ |
| 5. | ജാഫർ |
| 6. | രാജേന്ദ്രൻ |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 02.02.2023 ലെ 23/21-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും കരാർമൂല്യത്തിനനുസൃതമായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FATEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | പത്മിനി ഇൻഡസ്ട്രീസ് | 5 |
| 2. | താനത്ത് പറമ്പിൽ സോമിൽ & ടിംബേർസ് | 3 |
| 3. | ഹെവൻ | 4 |
| 4. | ഡിലൈറ്റ് സിമന്റ് പ്രൊഡക്റ്റ് | 4 |
| 5. | ഡിലൈറ്റ് ഇൻഫോടെക് | 4 |
| 6. | സെന്റ്.ആന്റണീസ് സിമന്റ് പ്രൊഡക്റ്റ്സ് | 6 |
| 7. | എവർലൈറ്റ് ഫർണീച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 8 |
| 8. | താജ് കോംപ്ലക്സ് | 5 |
| 9. | പ്രോംപ്റ്റ് പാക്ക്സ് | 7 |
| 10. | ക്വാളിറ്റി ബ്രിക്ക്സ് | 4 |
| 11. | ഫൈൻ പ്രിന്റ് പാക്ക്സ് | 5 |
| 12. | ക്ലാരിറ്റി അസോസിയേറ്റ്സ് | 4 |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 02.02.2023 ലെ 24/21-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ സ്ഥിരം ജോലി ചെയ്യാത്തവരും ലഭിക്കുന്ന വേതനം നികുതി നിർണ്ണയ സ്ലാബിൽ വരാത്തവരാണെന്നും, എന്നാൽ ഇവരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയതിനാൽ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ഈടാക്കിയ വിവരം രേഖാമൂലം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FACTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ പരാമർശിച്ച സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തതായി കണ്ടില്ല. എന്നാൽ പൂത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-30 ൽ പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകളും, 3 അബ്കാരി ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ഈ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.13/21-22, തീയതി:01.02.2023 ) 9 റേഷൻ കടകൾ 2022-23 സാമ്പത്തികവർഷം മുതൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്നും, അബ്കാരി ഷോപ്പുകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ അബ്കാരി ഷോപ്പുകളെകൊണ്ട് ലൈസൻസ് എടുപ്പിച്ച് പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(Ii) ആട് ഫാം : 20 മൃഗങ്ങൾ
(Iii) പന്നി ഫാം : 5 മൃഗങ്ങൾ
(Iv) മുയൽ ഫാം : 25 മൃഗങ്ങൾ
(V) പൗൾട്രി ഫാം : 100 പക്ഷികൾ

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ 9 ലൈവ്സ്റ്റോക്ക്/ പൗൾട്രി ഫാമുകൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ(ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത ഫാമുകൾക്കു പുറമെ ലൈസൻസ് എടുക്കാത്ത മറ്റു ഫാമുകൾ കൂടി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | അബ്ദുൾ മജീദ് | VII/282 | 173 | കോഴി വളർത്തൽ ഷെഡ് |
| 2. | പ്രേമാനന്ദൻ | IX/442A | 332.5 | കോഴി വളർത്തൽ |

| | | | | |
|---|---|---|---|---|
| | | | | ഷെഡ് |
| 3. | സുജിത് | II/375A | 268.8 | കോഴി വളർത്തൽ ഷെഡ് |
| 4. | സദാനന്ദൻ | I/386,387 | 180 | കോഴി വളർത്തൽ ഷെഡ് |
| 5. | ശശിധരൻ | II/209A | 376 | കോഴി വളർത്തൽ ഷെഡ് |
| 6. | സുബ്രമണ്യൻ ഭാര്യ ചന്ദ്രികയും | XIV/143A,143B | 527.7 | കോഴി വളർത്തൽ ഷെഡ് |
| 7. | കുമാരൻ | XIII/86 | 200 | കോഴി വളർത്തൽ ഷെഡ് |
| 8. . | ദയാനന്ദൻ | XIII/282 | 220 | കോഴി വളർത്തൽ ഷെഡ് |
| 9. | ജോസ് | XII/163A | 250 | കോഴി വളർത്തൽ ഷെഡ് |
| 10. | വിജി ജോസ് | XII/307A | 238.8 | കോഴി വളർത്തൽ ഷെഡ് |
| 11. | മേരി.... | XI/245A | 319.5 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 12. | ജോണി | X/1 | 225 | കോഴി വളർത്തൽ ഷെഡ് |
| 13. | മുരളി | I/359 | 180 | ലൈവ്സ്റ്റോക്ക് ഷെഡ് |

മേൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.31/21-22, തിയതി:03.02.2023 ) ക്രമ നം.2 ൽ പറഞ്ഞിരിക്കുന്ന പ്രേമാനന്ദൻ എന്ന വ്യക്തി 2022-23 സാമ്പത്തികവർഷം മുതൽ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്നും മറ്റുള്ള ഉടമകൾക്ക് നോട്ടീസ് നൽകി ഫാം പ്രവർത്തിക്കുന്നുണ്ടെങ്കിൽ എത്രയും വേഗത്തിൽ ഫാം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ കോഴിവളർത്തൽ ഷെഡ് ഉടമകളെകൊണ്ട് ഫാം ലൈസൻസ് എടുപ്പിച്ച് വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകളെ കണ്ടെത്തി ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുകയോ അല്ലെങ്കിൽ 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം ഉടർന്ന പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം ഉടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ കാലാനുസൃതമായി പുതുക്കേണ്ടതാണ്

ജി.ഒ.(എം.എസ്)105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം വാടകയ്ക്ക് കടമുറികൾ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഉള്ള കടമുറി വാടക സംബന്ധിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ ഹാജരാക്കിയിരുന്നുവെങ്കിലും ആയത് 1960 ലെ കേരള പഞ്ചായത്ത് ആക്ടിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയതാണ്. കൂടാതെ പ്രസ്തുത ബൈലോ 29.08.1991ൽ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. 1960 കേരള പഞ്ചായത്ത് ആക്ട് കാലഹരണപ്പെട്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന സാഹചര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

## 1-15 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും, വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധന വരുത്താവുന്നതാണ്. ഓഡിറ്റിന്റെ ഭാഗമായി ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിക്കുകയുണ്ടായി. ആയതിൽ ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി നിശ്ചയിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നു. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വഴി നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി കാണുന്നു.

I. ശ്രീ. അൻവറിന്റെ 13/10A നമ്പർ കെട്ടിടം

ശ്രീ. അൻവർ ഉടമസ്ഥനായ കെട്ടിടത്തിന് 13/10A എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലിലെ പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശനം 8 മീറ്റർ വീതിയുള്ള റോഡിൽ നിന്നുമാണ്. ആയത് പ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് നൽകാവുന്നതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള പറയൻകാട് വട്ടേക്കാട്ടുകര റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് വഴി സൗകര്യത്തിൽ

ഇളവോ,വർദ്ധനയോ നൽകിയിട്ടില്ല. ഇപ്രകാരം 20% വർദ്ധനവ് നൽകാതിരുന്നതിലൂടെ ആകെ നികുതിയിൽ 66 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കിയത്- പാർപ്പിടം | |
|---|---|
| വിസ്തീർണ്ണം | 79 M2 |
| അടിസ്ഥാന നികുതി | 4 |
| അടിസ്ഥാന വസ്തു നികുതി | 316 |
| ഇളവുകൾ (ദ്വിതീയം -10%) | 0.0 |
| വർദ്ധന | 0.0 |
| വാർഷിക വസ്തു നികുതി | 316 |
| ലൈബ്രറി സെസ്സ് | 16 |
| ആകെ നികുതി തുക | 332/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - പാർപ്പിടം | |
|---|---|
| വിസ്തീർണ്ണം | 79 M2 |
| അടിസ്ഥാന നികുതി | 4 |
| അടിസ്ഥാന വസ്തു നികുതി | 316 |
| ഇളവുകൾ | 0.00 |
| വർദ്ധന (5 മീറ്ററിൽ കൂടുതലുള്ള പ്രവേശന മാർഗ്ഗം -20%) | 63 |
| വാർഷിക വസ്തു നികുതി | 379 |
| ലൈബ്രറി സെസ്സ് | 19 |
| ആകെ നികുതി തുക | 398 രൂപ |

II. ശ്രീ. സേതുമാധവന്റെ IV/60C,60E,60F നമ്പർ കെട്ടിടം

ശ്രീ. സേതുമാധവൻ ഉടമസ്ഥനായ കെട്ടിടത്തിന് IV/60C,60E,60F എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലിലെ പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശനം 8 മീറ്റർ വീതിയുള്ള PWD റോഡിൽ നിന്നുമാണ്. ആയത് പ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് നൽകാവുന്നതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള മണ്ണൂർപ്പാടം പാടം റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് വഴി സൗകര്യത്തിൽ ഇളവോ,വർദ്ധനയോ നൽകിയിട്ടില്ല. ഇപ്രകാരം 20% വർദ്ധനവ് നൽകാതിരുന്നതിലൂടെ ആകെ നികുതിയിൽ 745 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 62.29 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 3737 |
| ഇളവുകൾ (ദ്വിതീയം, മേൽക്കൂര -10+10=20%) | 747 |
| വർദ്ധന | 0.0 |
| വാർഷിക വസ്തു നികുതി | 2990 |
| ബഹുനില കെട്ടിടത്തിനുള്ള ഇളവ്(5%) | 2841 |
| ലൈബ്രറി സെസ്സ് | 142 |
| ആകെ നികുതി തുക | 2983/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 62.29 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 3737 |
| ഇളവുകൾ(ദ്വിതീയം, മേൽക്കൂര -10+10=20%) | 747 |
| വർദ്ധന(5 മീറ്ററിൽ കൂടുതലുള്ള | 747 |

| | |
|---|---|
| പ്രവേശന മാർഗ്ഗം -20%) | |
| ബഹുനില കെട്ടിടത്തിനുള്ള ഇളവ്(5%) | 187 |
| വാർഷിക വസ്തു നികുതി | 3550 |
| ലൈബ്രറി സെസ്സ് | 178 |
| ആകെ നികുതി തുക | 3728 രൂപ |

മേൽ പറഞ്ഞ അപാകതകൾ മൂലം വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ ആകെ നികുതിയിൽ ഒരു വർഷം 811 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ ശ്രീ.സേതുമാധവന്റെ IV/60B എന്ന വാണിജ്യാവശ്യത്തിനുള്ള റൂമിനും, IV/60D എന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനും 2020-21 ആദ്യ അർദ്ധപാദം മുതൽ നമ്പർ നൽകി വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ പ്രവേശന സൗകര്യവും 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള മണ്ണൂർപ്പാടം പാടം റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്കും വസ്തുനികുതിയിൽ 20% വർദ്ധനവ് നൽകിയിട്ടില്ല. ഇത്തരത്തിൽ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.35/21-22 തീയതി.04.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് വസ്തുനികുതി ഈടാക്കി തുടങ്ങിയ കാലയളവ് മുതലുള്ള കുടിശ്ശിക ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതോടൊപ്പം പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-16 കുട്ടൻകുളം കുന്നത്തേരി കുളം നവീകരണം -കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തത് -ലേലത്തുക അടവാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 189/22 ആയി ആവിഷ്കരിച്ച ഈ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 89.34 ഘനമീറ്റർ മണ്ണ് പഞ്ചായത്ത് ഭരണസമിതിയുടെ 11/5/22 ലെ 1(4) നമ്പർ തീരുമാനപ്രകാരം ലേലം നടത്തിയതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ തുക ( 16000/ രൂപ ) രേഖപ്പെടുത്തിയ കെ. കെ. ഷാജി എന്നവരുടെ നിരക്ക് 18/5/22 ലെ 1 (3 ) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചുവെങ്കിലും പലതവണ കത്തുകളയച്ചുവെങ്കിലും നാളിതുവരെ ലേലത്തുക ടിയാൻ അടവാക്കിയിട്ടില്ല.

എത്രയും വേഗം ടിയാനിൽനിന്നും ലേലത്തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് .

### 1-17 സാമൂഹ്യ സുരക്ഷാപെൻഷൻ - ഗുണഭോക്താക്കളുടെ മരണവിവരം മറ്റു പ്രാദേശിക സ്ഥാപനങ്ങളെ അറിയിക്കുന്നതിൽ വീഴ്ച

മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ആം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ പുത്തൻചിറ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് ആക്ടീവ് ആയി തുടരുന്നതായും, ഇവർക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പെൻഷനറുടെ പേര് | മരണപ്പെട്ട തീയതി | പെൻഷണർ ഐ.ഡി | പെൻഷൻ തരം | പ്രാദേശിക സർക്കാർ | നിലവിലെ സ്ഥിതി | പെൻഷൻ അധികമായി അനുവദിച്ച കാലയളവ് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|
| 1. | ബീവി കുഞ്ഞുമുഹമ്മദ് | 25.10.2020 | 107970600205 | വിധവാ പെൻഷൻ | പൊയ്യ ഗ്രാമപഞ്ചായത്ത് | ആക്ടീവ് | 11/20- 11/22 | 39300 |
| 2. | അന്തോണി | 16.05.2021 | 2220286335 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agricultural Office Puthenchira | ആക്ടീവ് | 06/21 – 11/22 | 28800 |
| 3. | അബ്ദു.എ.എം | 06.06.2021 | 2220286138 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ | Agricultural Office Puthenchira | ആക്ടീവ് | 07/21-11/22 | 27200 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | സ്മാൾ & മാർജിനൽ ഫാർമേഴ്സ് | | | | |
| 4. | രാജൻ എം.കെ | 16.05.2021 | 2220286131 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agricultural Office Puthenchira | ആക്ടീവ് | 06/21-11/22 | 28800 |
| 5. | ബാഹുലേയൻ സി.വി | 29.03.2021 | 2220286143 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agricultural Office Puthenchira | ആക്ടീവ് | 04/21-11/22 | 32000 |
| 6. | താണ്ടമ്മ തൊമ്മൻ | 13.03.2021 | 2220286288 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agricultural Office Puthenchira | ആക്ടീവ് | 04/21-11/22 | 32000 |
| 7. | കെ.വി ജേക്കബ് | 08.02.2021 | 2220286015 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | Agricultural Office Puthenchira | ആക്ടീവ് | 03/21-11/22 | 33600 |
| ആകെ | | | | | | | | 221700 |

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ മരണം ചെയ്യപ്പെട്ടിട്ടുള്ളവരും എന്നാൽ മറ്റു പ്രാദേശിക സർക്കാർ/സ്ഥാപനങ്ങൾ മുഖേന പെൻഷൻ കൈപറ്റുന്നവരുമായ മേൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടെ മരണ വിവരങ്ങൾ യഥാസമയം പ്രസ്തുത സ്ഥാപനങ്ങളെ അറിയിക്കാതിരുന്നതിന്റെ ഫലമായി മരണശേഷവും തുക അനുവദിച്ച സാഹചര്യമുണ്ടായതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.32/21-22, തീയതി:03.02.2023) ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ പ്രസ്തുത അക്കൗണ്ടുകൾ റദ്ദ് ചെയ്യുന്നുണ്ടെന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ മാറാനറിപ്പോർട്ട് ഭാവിയിൽ കൃത്യമായി അതത് സ്ഥാപനത്തെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

### 1-18 ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്.

പഞ്ചായത്തിലെ ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനത്തിന് ലഭിച്ച പൾസ് ഓക്സി മീറ്റർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 21 എണ്ണം ബാലൻസ് ഉണ്ട്. ഇവ നിലവിൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഫയർ എക്സ്റ്റിംഗ്വിഷറും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ22100122/18.5.21പ്രകാരം വാങ്ങിയ ഇലക്ട്രിക് കെറ്റിൽ രോഗപ്പകർച്ച ഭീതിയിൽ ഉപേക്ഷിച്ചു എന്നാണ് മറുപടി നൽകിയത് (എൻക്വയറി നം.34/3.2.2023). ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങി നൽകിയ സാധനങ്ങൾ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം ആരാഞ്ഞ ശേഷം ഉപയോഗപ്പെടുത്തുവാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

### 1-19 സോളാർ പാനൽ സ്ഥാപിക്കൽ. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രോജക്ട് പ്രവർത്തനക്ഷമമായിട്ടില്ല.

പ്രോജക്ട് നമ്പർ. 113/22

തുക. 698500

നി.ഉ.സെക്രട്ടറി

വൗച്ചർ നമ്പർ. 22100575/31.3.22

ഗ്രാമ പഞ്ചായത്തിൽ 10 KW സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി പഞ്ചായത്തും, അനർട്ട് തൃശ്ശൂർ ജില്ലാ എഞ്ചിനീയറുമായി 24/01/22 ൽ കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാർ ഖണ്ഡിക 4 ,13 എന്നിവ പ്രകാരം തുക നൽകി ആറുമാസത്തിനുള്ളിൽ അനെർട്ട് 10 Kw കപ്പാസിറ്റിയുള്ള ഒരു സോളാർ പവ്വർ പ്ലാന്റ് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കേണ്ടതും പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ പ്ലാന്റ് പഞ്ചായത്തിന് കൈമാറി ഒരു മാസത്തിനുള്ളിൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇതു പ്രകാരം 698500 രൂപ സർവ്വീസ് ചാർജ് ഉൾപ്പടെ അനർട്ടിന് 31/03/2022 ൽ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. ഒരു ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് മാത്രമേ അനർട്ടിന്റേതായി ഫയലിൽ ചേർത്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ പ്രവർത്തി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 8/31-01-23)

## 1-20 പഠനമുറി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പദ്ധതി നമ്പർ-157/22

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം ഒരു ഗഡു ധനസഹായം കൈപ്പറ്റിയ (50000/-രൂ) ആര്യ ഉണ്ണികൃഷ്ണൻ(ഷീജ ഉണ്ണികൃഷ്ണൻ) എന്ന ഗുണഭോക്താവ് പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമ്മാണം (ജനറൽ) പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ മാണിയംകാവ് സർക്കിൾ

പദ്ധതി നമ്പർ-2/2022

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി 300000 രൂപ കൈപ്പറ്റിയ ശ്രീമതി സീനത്ത്, പൂറക്കുളത്ത്, വാർഡ്14, പുത്തൻചിറ എന്ന വ്യക്തി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 1-22 ലൈഫ് ഭവന നിർമ്മാണം (എസ് സി) പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ-17/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ പുത്തൻചിറ സർക്കിൾ

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഏതാനും ഗഡു തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .വിശദാംശം താഴെ ചേർക്കുന്നു.

1രമ രാജു,തത്തപ്പിള്ളി,വാർഡ്9 -200000 രൂ കൈപ്പറ്റി

2.സുമേഷ് തങ്കപ്പൻ,ചെമ്പകശ്ശേരി ഹൗസ്, വാർഡ് 6,പുത്തൻചിറ -300000 രൂ കൈപ്പറ്റി

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

## 1-23 കന്നുകുട്ടി പരിപാലനം -പദ്ധതി പൂർത്തീകരിക്കാതെ ഗുണഭോക്താക്കൾ വിട്ടു പോയി

പദ്ധതി നമ്പർ-34/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

വൗച്ചർ നമ്പർ- 22100636/27.9.21-300000/-

വൗച്ചർ നമ്പർ- 22100677/28.11.21-325000/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിയിൽ 100 ഗുണഭോക്താക്കളുടെ വിഹിതമായി 625000 രൂ എസ് എൽബിപിക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം നടത്തുന്ന പുത്തൻചിറ, വെള്ളൂർ ക്ഷീര സഹകരണ സംഘങ്ങളുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾ പദ്ധതി യിൽ നിന്നും വിട്ടുപോയതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

1. ബീന കെ എ ,തെരുവിൽ ഹൗസ്

2. ഗിരിജ ടി ആർ ,തേർക്കയിൽ ഹൗസ്

3. കാർത്ത്യായനി രവി ,പണക്കശ്ശേരി

4. വിശ്യനാഥൻ,വൈലിക്കട

5. ശങ്കരനാരായണൻ പുന്നക്കുഴി

6. ജോയ് കൈതാരത്ത്

7.അബ്ദുൾ മജീദ് അരീപ്പുറത്ത്

8.ബീരാൻ കുഞ്ഞ് ,മുട്ടത്തുശാലിൽ

9. സുകമാരൻ

10 ഷൈലജ സുകുമാരൻ

11 എൽസി തോമസ്

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് നൽകിയ സബ്സിഡി ക്ക് ആനുപാതികമായി തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ

ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-24 ജലനിധി കടിശ്ശിക -76,59,839 രൂ

മാള മൾട്ടി ജി.പി. എന്ന പേരിൽ ജലനിധിയുടെ ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൽ 4.10.2013-ന് ആരംഭിച്ചു.പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായി ആഗസ്റ്റ് 2017 മുതൽ ഗുണഭോക്താക്കൾക്ക് കുടിവെള്ള വിതരണം ചെയ്തു തുടങ്ങി. എന്നാൽ ഔപചാരികമായ കമ്മീഷൻ നാളിതുവരെ നടത്തിയിട്ടില്ല. സെപ്റ്റംബർ 2017 മുതൽ വാട്ടർ അതോറിറ്റി വാട്ടർ ബിൽ നൽകി തുടങ്ങിയിട്ടുണ്ട്. ആകെ 4074 കണക്ഷനുകൾ നിലവിൽ ഉണ്ട്(ഗാർഹികം 3978 &ഗാർഹികേതരം-96). വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും തമ്മിൽ കുടിവെള്ള വിതരണം വിതരണം, പരിപാലനം എന്നിവ സംബന്ധിച്ച് 11.1.2018 ൽ കരാർ ഒപ്പ് വച്ചു. കരാറിലെ ഇനം 4.4 പ്രകാരം വാട്ടർ അതോറിറ്റി Rs.6/KL ന് ഗ്രാമപഞ്ചായത്തിന് വെള്ളം നൽകുന്നതാണ്. 4.9 പ്രകാരം ഓരോ മാസവും 10ാം തിയതിക്കുമുമ്പ് ബിൽ നൽകുകയും 30 ദിവസത്തിനകം പഞ്ചായത്ത് ബിൽ തുക അടവാക്കുകയും വേണം. 4.11 പ്രകാരം 2% പിഴ പലിശ 30 ദിവസത്തിനു ശേഷം അടവാക്കുന്ന ബില്ലിന്റെ കൂടെ നൽകുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്.

SLEC കൈമാറുന്ന ബില്ലുകളുടെ തുക പഞ്ചായത്ത് പ്രസ്തുത തുകകൾ വാട്ടർ അതോറിറ്റിക്ക് കാലതാമസമില്ലാതെ കൈമാറിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ SLEC യുടെ ഭാഗത്ത് നിന്ന് അനാസ്ഥ ഉള്ളതായി കുടിശ്ശിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടു. 31.3.2022 വരെ SLEC ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുവാനുള്ള കുടിശ്ശിക 37,34,273 രു ആണ്. എന്നാൽ 31.3.2022 വരെ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരമുള്ള കുടിശ്ശിക 76,59,839 രൂ ആണ് . (1,41,910 രൂ പലിശയും പിഴ പലിശയും ഉൾപ്പെടെ). SLEC പിരിച്ചെടുക്കുവാനുള്ള തുകയും (കുടിശ്ശിക) വാട്ടർ അതോറിറ്റിയുടെ കുടിശ്ശികയും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയുടെ ബൾക്ക് മീറ്റർ പ്രകാരമുള്ള റീഡിങ്ങ് ( 3/22 ലെ ) 53313 Kl ആണ്. എന്നാൽ തന്മാസത്തെ SLEC ഗുണഭോക്താക്കളുടെ മീറ്റർ റീഡിങ്ങ് ആകെ 22617 Kl ആണ്. ബൾക്ക് മീറ്റർ റീഡിങ്ങും ഗുണഭോക്താക്കളുടെ മീറ്ററുകളുടെ ആകെ റീഡിങ്ങും തമ്മിൽ വരുന്ന വ്യത്യാസം വെള്ളം പാഴായി പോകുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ്. ഇത്തരത്തിൽ പാഴായി പോകുന്ന ജലത്തിനു കൂടി തുക നൽകുന്നതിനാലാണ് വാട്ടർ അതോറിറ്റിയുടെ ബിൽ കുടിശ്ശിക വർദ്ധിക്കുന്നതിന് കാരണം. ഓരോ മാസവും ഇത്തരത്തിൽ വ്യത്യാസം ഉണ്ട്. ആയതിനാൽ ഓരോ മാസവും ഏകദേശം 2 ലക്ഷത്തിനടുത്ത തുക(ഒരു കിലോ ലിറ്ററിന് 6 രൂപ നിരക്കിൽ ) പാഴായി പോകുന്ന ജലത്തിന്റെ പേരിൽ ബാദ്ധ്യതയായി പഞ്ചായത്തിന് വരുന്നുണ്ട്. വാട്ടർ അതോറിറ്റിയും പഞ്ചായത്തും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം ബിൽതുക അടവാക്കേണ്ടതും കുടിശ്ശികയുടേയും ഉത്തരവാദിത്വം പഞ്ചായത്തിന് ആയതിനാൽ SLEC യുമായി ബന്ധപ്പെട്ട് പാഴായി പോകുന്ന ജലത്തിന്റെ സ്രോതസ്സ് പരിശോധിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് SLECക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. SLECയുടെ ബൈലോ പ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ഇല്ല. ആയതിനാൽ ബൈലോയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നിർദ്ദേശം SLEC ക്ക് നൽകേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ ബില്ലുകൾ പരിശോധിച്ചതിൽ ഒക്ടോബർ 2019 മുതൽ ഡിസംബർ 2021 വരെ ബൾക്ക് മീറ്റർ പ്രവർത്തന രഹിതമായിരുന്നു എന്ന് കണ്ടു. ഇത്തരത്തിൽ കുടിവെള്ള വിതരണത്തിലെ പോരായ്മകൾ യഥാസമയം പരിഹരിക്കുന്നതിന് SLECയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന അനാസ്ഥക്ക് കാരണം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ജലനിധി കുടിവെള്ള വിതരണം ശരിയായ അവലോകനം ചെയ്യപ്പെടുന്നില്ല എന്നതാണ്. മേൽ അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നില്ല എങ്കിൽ വെള്ളക്കരം കുടിശ്ശിക പഞ്ചായത്തിന് വൻ ബാദ്ധ്യത ഭാവിയിൽ ഉണ്ടാകും എന്നതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അഗതിരഹിത കേരളം പദ്ധതി ലക്ഷ്യ പ്രാപ്തി നേടിയിട്ടില്ല.

10.3.19 ലാണ് പുത്തൻചിറ പഞ്ചായത്തിന്റെ അഗതി രഹിത കേരളം പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. മൂന്ന് വർഷം ആണ് പദ്ധതി കാലാവധി. എന്നാൽ 2021-22 ൽ പൂർത്തീകരിക്കേണ്ട പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ലക്ഷ്യം, പൂർത്തീകരണത്തോത് എന്നിവ താഴെ കൊടുക്കുന്നു.

| ക്രമ നം | ആവശ്യകത | എണ്ണം | നൽകിയത് |
|---|---|---|---|
| 1 | വീട് | 19 | 0 |
| 2 | വീട് പുനരുദ്ധാരണം | 20 | 14 |
| 5 | ഭൂമി | 3 | 0 |

മേൽ പ്രവൃത്തികൾക്കായി ലഭ്യമാക്കേണ്ടിയിരുന്ന പ്ലാൻ വിഹിതം 1,00,00000 രൂപ ആയിരുന്നു. എന്നാൽ 3 വർഷങ്ങളിലായി ആകെ കൈമാറിയത് 19,00,000 രൂപ മാത്രമാണ്. ആശ്രയ വിലയിരുത്തൽ സമിതി മിനിറ്റ്സ് പരിശോധിച്ചതിൽ 12.7.2019 ന ശേഷം വിലയിരുത്തൽ സമിതി കൂടിയിട്ടില്ല. സമൂഹത്തിലെ ഏറ്റവും അവശരായ അഗതിരഹിത കേരളം ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആയതിന്റെ പുരോഗതി വിവരങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-26 സിഡ്കോവിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ -സർക്കാർ ഉത്തരവ് ഇല്ല.

പദ്ധതി നമ്പർ- 46/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിച്ച്സി പുത്തൻചിറ

വൗച്ചർ നമ്പർ- 22100767/7.3.22-85125/-

വൗച്ചർ നമ്പർ- 22100824/14.3.22-46446/-

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ കേരള സിഡ്കോ ഒല്ലൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്. മാസ്ക്, സിറിഞ്ച്, കത്തീറ്റർ, ബിപി അപ്പാരറ്റസ്, ഡയലൈസർ, ഗ്ളൂക്കോമീറ്റർ സ്ട്രിപ്പ് മുതലായവ ആണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

1.ഇൻവോയ്സ് നമ്പർ-OLR-21-22/203 Dt.3.2.2022-85125/-രൂ

2..ഇൻവോയ്സ് നമ്പർ-OLR-21-22/284 Dt.11.3.2022-46446/-രൂ

ഇവ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് ആധാരമായ ഉത്തരവ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നമ്പർ 33/3.2.23) മറുപടി ആയി ഹാജരാക്കിയ ഉത്തരവിൽ സിഡ്കോ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്നതിന് ആണ് അനുമതി ഉള്ളത്. മേൽ ഉപകരണങ്ങൾ ഒന്നും തന്നെ സിഡ്കോ നിർമ്മിക്കുന്നില്ല. ആയതിനാൽ സ.ഉ(പി) നം.7/19/എസ് പി ഡി തീ.26.4.19 പ്രകാരം GeM മുഖേന ആണ് ഈ ഉപകരണങ്ങൾ വാങ്ങാവുന്നത്. ഭാവിയിൽ വാങ്ങലുകൾ സർക്കാർ ഉത്തരവ് പ്രകാരം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ-116/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിഎച്ച്സി

ചെലവ് -98823 രൂ

കോവിഡ് പ്രതിരോധ ആശ്വാസം-ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 98823 രൂ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (PRF-3588/26.11.21) എന്നാൽ 27426 രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് അധികമായി അനുവദിച്ച തുക തിരികെ നൽകി

ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് താഴെ ചേർക്കും പ്രകാരംവിവിധ പ്രോജക്ടുകളിൽ അധികമായി നൽകിയ തുക തിരികെ അടച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 6&7 തീയതി 31.01.2023)

| ക്രമ നമ്പർ | തടസ്സവാദം | തിരികെ വന്ന തുക |
|---|---|---|
| 1 | എൽ.ഇ.ഡി ബൽബുകൾക്ക് എഗ്രിമെന്റിലേർപ്പെട്ടതിനേക്കാൾ തുക മെയിന്റനൻസിനായി കരാറുകാരന് നൽകി | 4912/-രൂപ 30.01.2023 തിയ്യതിയിൽ 1220203511 പ്രകാരം അടച്ച. |
| 2 | ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് ജി.എസ്.ടി ഉൾപ്പെട്ട തുകയ്ക്ക് 4% റമ്യൂണറേഷൻ നൽകി | 357/- രൂപ 03-02-2023 തിയ്യതിയിൽ 1220203566 രസീതി പ്രകാരം അടച്ച. |
| 3 | | |

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പദ്ധതികളിൽ തുക കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | തുക | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം |
|---|---|---|---|---|---|
| 1 | 11/22 | ഐ.കെ.എം. വിഹിതം നൽകൽ | ഡവലപ്പ്മെന്റ് ഫണ്ട്-ജനറൽ.bill No.7/20-07-21 | 62860 | ഇൻഫർമേഷൻ കേരള വിഷൻ |
| 2 | 19/22 | CAN തൃശ്ശൂർ | ഡവലപ്പ്മെന്റ് ഫണ്ട്-ജനറൽ.bill No.28/06-01-22 | 50000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/ 31-01-2023)

## 1-30 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിൽ മാലിന്യസംസ്കരണത്തിനായി തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഈ പ്ലാന്റിലേക്കായി ലീഫ് ഷ്രഡിംഗ് മെഷീൻ, സീവ് മെഷീൻ എന്നിവ 358372 രൂപ ചെലവിൽ ഐ.ആർ.ടി.സി പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. കെട്ടിടം മറ്റനുബന്ധസാമഗ്രികൾ എന്നിവ മുമ്പ് സ്ഥാപിച്ചിരുന്നു. എന്നാൽ സ്ഥലപരിശോധനയിൽ നാളിതു വരെ പ്ലാന്റ് പ്രവർത്തിപ്പിച്ചിട്ടില്ല എന്ന കാണുന്നു. പഞ്ചായത്ത് കമ്യൂണിറ്റി ഹാളിലെ മാലിന്യങ്ങൾ സംസ്കരിക്കാനാണ് പ്ലാന്റ് കൊണ്ട് ഉദ്ദേശിച്ചത് എന്ന് പഞ്ചായത്ത് അധികൃതർ വാക്കാൽ അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ നിലവിൽ വാടകക്ക് നൽകുന്നില്ല എന്ന് കാണുന്നു. അടിസ്ഥാന സൗകര്യവികസനം നടത്തിയ ശേഷമേ ഹാൾ ഉപയോഗിക്കാനാവൂ എന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഫലത്തിൽ മുൻവർഷങ്ങളിലുൾപ്പെടെ വലിയ തുക മുടക്കി സ്ഥാപിച്ച പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിലാണുള്ളത്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 മരാമത്ത് പദ്ധതിപ്രവർത്തനം പദ്ധതിച്ചെലവ്

സാമ്പത്തികവർഷം 82 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 69 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞു ( 84.15% ). മൊത്തം 48145137/രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 26066024/രൂപയാണ് ചെലവഴിച്ചിട്ടുള്ളത് ( 54.14% ). കൂടുതൽ പ്രൊജക്റ്റുകൾക്കുവേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. അതേസമയം ഭാവിയിൽ പരമാവധി തുക ചെലവഴിക്കുവാൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-32 കരാറുകൾ ചമക്കുന്നതിൽ അപാകത

2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്. കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തി പൂർത്തീകരണം നടത്തേണ്ടതാണെന്നുള്ള വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ റോഡു പ്രവൃത്തിയുടെ കാര്യത്തിൽ 'ഹേർഡ്' കെട്ടിട നിർമ്മാണം 'PWD' എന്നിങ്ങനെയുള്ള സ്പെസിഫിക്കേഷനുകളാണ് പ്രാബല്യത്തിലുള്ളത്. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല. വിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 112/22, 67 /23 |
| പ്രവൃത്തി | ജലരക്ഷ ജീവരക്ഷ-പൊതുതോടുകളുടെ സംരക്ഷണം |
| അടങ്കൽ, ഫണ്ട് | 1762000/ സി. എഫ്. സി. ഗ്രാന്റ്<br>500000/ എക്സ്റ്റേണലി എയ്ഡഡ് പ്രൊജക്റ്റ് |
| സാങ്കേതികാനുമതി | LSGD/TS/21-22/2922/17/1/22 |
| കരാറുകാരൻ | കെ. കെ. ഷാജി |
| കരാർ | 34/AE/LSGD/PCA/21-22/25/2/22 |
| അളവുപുസ്തകം | 266/21-22, 272/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | രേഖപ്പെടുത്തിയിട്ടില്ല-646966/ ( തുക അനുവദിച്ചതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് )<br>81/7/10/22, 1113766/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 105/22, |
| പ്രവൃത്തി | പൊതുകുളങ്ങളുടെ സംരക്ഷണം-കണ്ണൻകുളം, പെരിയകുളം നവീകരണം |
| അടങ്കൽ, ഫണ്ട് | 1462000/ സി. എഫ്. സി. ഗ്രാന്റ് |
| സാങ്കേതികാനുമതി | LSGD/TS/107951/30/12/21 |
| കരാറുകാരൻ | സജീവ്കുമാർ മങ്ങാടത്ത് |
| കരാർ | 29/AE/LSGD/PCA/21-22/16/2/22 |
| അളവുപുസ്തകം | 233/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 138/29/3/22, 1641115/ |

അളവുപുസ്തകം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രൊജക്റ്റ് നം | 185/22, 71/23 |
| പ്രവൃത്തി | ചിറമേൽകുളവും അനുബന്ധതോടുകൾ നവീകരണവും |
| അടങ്കൽ, ഫണ്ട് | 1827599/ |
| സാങ്കേതിക അനുമതി | LSGD/TS/21-22/6100/1/2/22 |
| കരാറുകാരൻ | വി. കെ. ജാഫർ |

| | |
|---|---|
| കരാർ | 39/AE/LSGD/PCA/21-22/11/3/22 |
| അളവുപുസ്തകം | 29/20-21 |
| ബിൽ നമ്പർ/ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 64/30/3/22, 1726908/ 37/27/6/22, 78476/ |

4.

| | |
|---|---|
| പ്രൊജക്റ്റ് നം | 89/22, 162/23 |
| പ്രവൃത്തി | നവീകരണം |
| അടങ്കൽ, ഫണ്ട് | 50000/ തനതുഫണ്ട് 2000000/ജില്ലാപഞ്ചായത്ത് ഫണ്ട്മ |
| സാങ്കേതിക അനുമതി | LSGD/TS/21-22/102196/13/12/21 |
| കരാറുകാരൻ | കെ. കെ. ഷാജി |
| കരാർ | 31/AE/LSGD/PCA/21-22/25/2/22 |
| അളവുപുസ്തകം | 259/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 767143/4/11/22, 550000/ 81/7/10/22, 1113766/ |

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ സംരക്ഷണഭിത്തിനിർമാണം നടത്തിയിട്ടുള്ളതാണ്. ഇവിടെ സിമന്റ് കോൺക്രീറ്റിങ, സ്റ്റീൽ റീൻഫോഴ്സ്സ്ഡ് കോൺക്രീറ്റ് പ്രവൃത്തികൾ എന്നിവ നടന്നിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഗുണനിലവാരപരിശോധന നടത്തേണ്ടത് അനിവാര്യമാണുതാനും.

സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഭാവിയിൽ പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കൽ വരുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ 11/31/1/23 ).

## 1-34 എൻ. ആർ. ഇ. ജി. എസ്. കുടുംബശ്രീ ഓഫീസുകളുടെ നവീകരണം-കരാറുകാരന് കൂടുതൽ തുക അനുവദിച്ചതുമൂലം നഷ്ടം 147009/ രൂ

ഈ പ്രവൃത്തി സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 185/22, 71/23 |
| അടങ്കൽ, ഫണ്ട് | 1200000/ റോഡിതര സംരക്ഷണഗ്രാന്റ് |
| സാ. അനുമതി | LSGD/TS/21-22/13325/21/2/22 |
| കരാറുകാരൻ | മുഹമ്മദ് റഫീക്ക് |
| കരാർ | 40/A/LSGD/PCA/21-22/14/3/22 |
| അളവുപുസ്തകം | 32/20-21, 224/21 |
| ബിൽ നമ്പർ, തുക | 62/30/3/22, 1132078/ രൂപ |

ഈ പ്രവൃത്തിയുടെ 15 നമ്പർ ഇനമായ 150 മില്ലിമീറ്റർ സെമി സർക്കുലർ റെഡിമെയ്ഡ് പി. വി. സി. പൈപ്പ് അനുബന്ധസാമഗ്രികളോടൊപ്പെ ഘടിപ്പിക്കുന്നതിന് വിശദമായ അടങ്കൽ അനുസരിച്ച 10 മീറ്ററിന് 3503.422 രൂപയാണ്. ആയതിന് കരാറുകാരൻ തുക 10 ഘനമീറ്ററിന് 3503 രൂപയുമായിരുന്നു.

പക്ഷെ അളവുപുസ്തകം 32/20-21 പേജ് 68, 100 എന്നിവകളിൽ രേഖപ്പെടുത്തിയതുപ്രകാരം മേൽ വിവരിച്ച പൈപ്പ് ഘടിപ്പിച്ചതിന് മീറ്ററിന് 3503/ രൂപ പ്രകാരം 147826.60 രൂപ നൽകിയിട്ടുണ്ട്. ഇതിന് നൽകാവുന്ന തുക താഴെ കാണിക്കും പ്രകാരമാണ്.

42.20 മീറ്റർ X 3503/10 മീറ്റർ =14782.66 രൂപ

ആയതിനാൽ കരാറുകാരന് 133043.94രൂപയും ആയതിന്മേലുള്ള 12% ;ചരക്കുസേവനനികുതി 15965.27 രൂപയുമടക്കം 147009.21 രൂപ അതായത് 147009/ രൂപ അധികം ഈ ഇനത്തിന് നൽകിയിട്ടുണ്ട്.

മേൽപറഞ്ഞ തുക ഈടാക്കി ആയത് സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്( ഓഡിറ്റ് എൻക്വയറി നമ്പർ 29/2/2/23 ).

## 1-35 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമല്ല

പ്രൊജക്റ്റ് നമ്പർ 105/22 ന്റെ ഭാഗമായി കണ്ണൻകുളം പെരിയകുളം നവീകരണപ്രവൃത്തി നടത്തിയതിന്റെ ഭാഗമായി ഇനം 3 പ്രകാരം 1277,84 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തിരുന്നു. പക്ഷെ ഇത് സംബന്ധിച്ച അളവുപുസ്തകം ഫയലിൽ ഇല്ലായിരുന്നു. ആയത് ലഭ്യമാക്കുന്നതിനായി 11/31/123 നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മണ്ണിന്റെ വിനിയോഗം വ്യക്തമല്ല.

പ്രവൃത്തി സംബന്ധിച്ച വിശദമായ അടങ്കലിൽ ഫില്ലിങിനുള്ള ഇനം വകയിരുത്തിയിട്ടില്ല. കുളത്തിന്റെ പരിസരത്ത് ഫിൽ ചെയ്തതായി 2/2/23 ന് നടന്ന സ്ഥലപരിശോധനയിൽ കണ്ടെത്തുവാനും കഴിഞ്ഞില്ല. വളരെ കുറച്ച മണ്ണ് മാത്രമേ കുളത്തിന്റെ പരിസരത്ത് അട്ടിയിട്ടതായി

കാണവാൻ കഴിഞ്ഞിട്ടുള്ളത്. നിലവിൽ കുളത്തിന്റെ മുന്നിൽ കാറ്ററിങ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാലും അവിടത്തെ നിർമാണപ്രവർത്തനത്തിന്റെ ഭാഗമായി കുഴി നിർമിച്ചിട്ടുള്ളതിനാലും വഴിയിൽ തടസ്സം ഉള്ളതിനാലും ഇവിടെ നിന്നും മണ്ണ് പുറത്തുകൊണ്ടുപോകുക ദുഷ്കരമാണ്.

ഈ പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ, ഫണ്ട് | 1640000/ രൂപ സി. എഫ്. സി. ഗ്രാന്റ് |
| സാ. അനുമതി | LSGD/TS/21-22 /107951/30/12/21 |
| കരാറുകാരൻ | സജീവ് കുമാർ മങ്ങാടത്ത് |
| കരാർ | 29/AE/LSGD /PCA/21-22 /16/2/22 |
| അളവുപുസ്തകം | 233/21-22 |
| ബിൽ സാങ്ഷൻ നംപർ, തുക | 338/29/3/22, 1641115/ രൂപ |

മറ്റ് കുളങ്ങളുടെ നവീകരണപ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെയും ഫില്ലിങിന് ശേഷം ബാക്കി വന്ന മണ്ണിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 185/22, 71/23 |
| പ്രവൃത്തി | ചിറമേൽകുളം, അനുബന്ധതോടുകൾ നവീകരണം |
| കുഴിച്ചെടുത്ത മണ്ണ് | 833.59 ഘനമീറ്റർ |
| ഫില്ലിങിന് ശേഷം ബാക്കി വന്ന മണ്ണ് | 92.54 ഘനമീറ്റർ |
| അളവുപുസ്തകം | 29/20-21 |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 89/22 |
| പ്രവൃത്തി | നവീകരണം |
| കുഴിച്ചെടുത്ത മണ്ണ് | 253.418ഘനമീറ്റർ |
| ഫില്ലിങിന് ശേഷം ബാക്കി വന്ന മണ്ണ് | 89.34ഘനമീറ്റർ |
| അളവുപുസ്തകം | 259/21-22 |

കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വസ്തുതകൾ ലഭ്യമാക്കേണ്ടതാണ്( സ്ഥലപരിശോധനാറിപ്പോർട്ട് 2/2/23 ).
2. പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം-

നവീകരണപ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 78.298 ഘനമീറ്റർ മണ്ണിൽ ഫില്ലിങിന് ശേഷം ബാക്കി വന്ന 46.298 ഘനമീറ്റർ മണ്ണ് ഗ്രൗണ്ടിൽ അട്ടിയിട്ടതായി അളവുപുസ്തകം 62/20-021 പേജ് 2 ൽ അസി. എൻജിനീയർ സാക്ഷ്യപ്പെടുത്തിയിരുന്നു. പക്ഷെ 2/2/23 ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അത്രയും മണ്ണ് അവിടെ കാണിവാൻ കഴിഞ്ഞില്ല. അതാകട്ടെ അളക്കുവാൻ സാധ്യമായ നിലയിലുമായിരുന്നില്ല.

പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 91/22 |
| അടങ്കൽ, ഫണ്ട് | 1000000/ ജില്ലാ പഞ്ചായത്ത് ഫണ്ട്<br>25000 തനതുഫണ്ട് |
| കരാറുകാരൻ | സജീവ് കുമാർ |
| കരാർ | 30/AE/lSGD /PCA/21-22 /16/2/22 |
| ബിൽ സാങ്ഷൻ | 294/19/3/22, |

| | |
|---|---|
| നമ്പർ, തുക | 115193/ |

പ്രസ്തുത മണ്ണ് മറ്റെതെങ്കിലും പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതും നിലവിൽ ഗ്രൗണ്ടിലുള്ള മണ്ണ് അളന്നതിട്ടപ്പെടുത്തി ആയതുലേലം ചെയ്യുവാനോ ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനുവേണ്ടിയോ ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-36 ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തിക്കുന്നില്ല

സാമ്പത്തികവർഷം സംസ്ഥാനാവിഷ്കൃതഫണ്ട് 859668 രൂപ വകയിരുത്തി 711223 രൂപ ചെലവിൽ ഗ്രമപഞ്ചായത്ത് ഗ്രൗണ്ടിനരികെയാണ് ഈ കെട്ടിടം നിർമിച്ചിട്ടുള്ളത്. ഇതിന്റെ ഉൽഘാടനം 26/2/22 ന് നടന്നിട്ടുള്ളതാണെങ്കിലും 2/2/23 ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ കെട്ടിടം ഉറന്നപ്രവർത്തിക്കുന്നില്ല എന്ന കണ്ടു, ആയത് പൂട്ടിക്കിടക്കുന്ന അവസ്ഥയിലായിരുന്നു. പൊതുജനങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാത്ത സ്ഥലത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. ഗ്രൗണ്ടിൽ കളിക്കാനും പരിശീലനത്തിനായി വരുന്നവരും മാത്രമേ ഈ കെട്ടിടം ഉപയോഗിക്കാനായി സാദ്ധ്യത കാണുന്നുള്ളൂ. പ്രൊജക്റ്റ് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം<br>അടങ്കൽ | 294/21, 155/22 |
| സാ. അനുമതി | LDGD/TS/20-21/125345/3/11/20 |
| കരാറുകാരൻ | എം. വി. പോൾസൺ |
| കരാർ | 52/AE/LSGD/20-21/17/1/22 |
| അളവുപുസ്തകം | 25/20-21, 17/20-21 |
| ബിൽ സാങ്ഷൻ നം, തുക | 499/39/3/21, 319012/ രൂപ<br>340/30/3/22, 392211/ രൂപ |

കെട്ടിടം പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എത്രയും വേഗം കെട്ടിടം ഉപയുക്തമാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് ( സ്ഥലപരിശോധനാറിപ്പോർട്ട് 2/2/23 ).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എൻ. ആർ. ഇ. ജി. എസ്. കുടുംബശ്രീ ഓഫീസുകളുടെ നവീകരണം കരാറുകാരന് കൂടുതൽ തുക അനുവദിച്ചതുമൂലം നഷ്ടം 147009/ രൂപ

ഈ പ്രവൃത്തി സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 185/22, 71/23 |
| അടങ്കൽ, ഫണ്ട് | 1200000/<br>റോഡിതര സംരക്ഷണഗ്രാന്റ് |
| സാ. അനുമതി | LSGD/TS/21-22/13325/21/2/22 |
| കരാറുകാരൻ | മുഹമ്മദ് റഫീക്ക് |
| കരാർ | 40/A/LSGD/PCA/21-22/14/3/22 |
| അളവുപുസ്തകം | 32/20-21, 224/21 |
| ബിൽ നമ്പർ, തുക | 62/30/3/22, 1132078/ രൂപ |

ഈ പ്രവൃത്തിയുടെ 15 നമ്പർ ഇനമായ 150 മില്ലിമീറ്റർ സെമി സർക്കുലർ റെഡിമെയ്ഡ് പി. വി. സി. പൈപ്പ് അനുബന്ധസാമഗ്രികളോടൊപ്പെ ഘടിപ്പിക്കുന്നതിന് വിശദമായ അടങ്കൽ അനുസരിച്ച 10 മീറ്ററിന് 3503.42 രൂപയാണ്. ആയതിന് കരാറുകാരൻ തുക 10 മീറ്ററിന് 3503 രൂപയുമായിരുന്നു.

പക്ഷെ അളവുപുസ്തകം 32/20-21 പേജ് 68, 100 എന്നിവകളിൽ രേഖപ്പെടുത്തിയതുപ്രകാരം മേൽ വിവരിച്ച പൈപ്പ് ഘടിപ്പിച്ചതിന് മീറ്ററിന് 3503/ രൂപ പ്രകാരം 147826.60 രൂപ നൽകിയിട്ടുണ്ട്. ഇതിന് നൽകാവുന്ന തുക താഴെ കാണിക്കും പ്രകാരമാണ്.

42.20 മീറ്റർ X 3503/10 മീറ്റർ =14788.66 രൂപ

ആയതിനാൽ കരാറുകാരന് 133043.94രൂപയും ആയതിന്മേൽ 12% ചരക്കുസേവനികുതി 15965.27 രൂപയുമടക്കം 147009.21 രൂപ ആതായത്147009 രൂപ അധികം ഈ ഇനത്തിന് നൽകിയിട്ടുണ്ട്.

മേൽപറഞ്ഞ തുക ഈടാക്കി ആയത് സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്( ഓഡിറ്റ് എൻക്വയറി നമ്പർ

29/2/2/23 ).

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 300000 | 200000 |
| | | 3000000 | ലൈഫ് ജനറൽ | 0 | 3000000 |
| | | 2400000 | ലൈഫ് സ്ഥലം വാങ്ങൽ | 0 | 2400000 |
| | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 162800 | 37200 |
| | | 4000000 | ലൈഫ് എസ് സി | 760000 | 3240000 |
| | | 1125000 | ലൈഫ് സ്ഥലം വാങ്ങൽഎസ് സി | 0 | 1125000 |
| | | 300000 | നെൽകൃഷി കൂലിചെലവ് | 206280 | 93720 |
| | | 100000 | ജൈവപച്ചക്കറി കൃഷി വനിത | 0 | 100000 |
| | | 100000 | തരിശു രഹിത പഞ്ചായത്ത് വനിത | 0 | 100000 |
| | | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 690000 | ഹരിത കർമ്മസേന വാഹനം വാങ്ങൽ | 0 | 690000 |
| | | 2000000 | പൊതുകളം നവീകരണം | 0 | 2000000 |
| | | 1000000 | അങ്കണ വാടി ഹൈടെക്ക് ആക്കൽ | 0 | 1000000 |
| | | 600000 | പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം | 115193 | 484807 |
| | | 200000 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ | 179398 | 20602 |
| | | 2335000 | ലൈഫ് എസ് സി(so) | 1260000 | 1075000 |
| | | 2590000 | ലൈഫ് ജനറൽ (So) | 820000 | 1770000 |
| | | 300000 | അങ്കണ വാടി അറ്റകുറ്റപ്പണി | 0 | 300000 |
| | | 1000000 | കട്ടിയാംപാറ കോളനി ഭവന പുനരുദ്ധാരണം | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | ലൈഫ് ജനറൽ | 0 | 400000 |
| | | 600000 | ലൈഫ് സ്ഥലം വാങ്ങൽ | 0 | 600000 |
| | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 145900 | 54100 |
| | | 300000 | അഗതിരഹിത കേരളം | 100000 | 200000 |
| | | 1000000 | ലൈഫ് എസ് സി | 200000 | 800000 |
| | | 900000 | ലൈഫ് സ്ഥലം വാങ്ങൽഎസ് സി | 0 | 900000 |
| | | 1000000 | നെൽകൃഷി കൂലിചെലവ് | 0 | 1000000 |
| | | 100000 | ജൈവപച്ചക്കറി കൃഷി വനിത | 0 | 100000 |
| | | 100000 | തരിശു രഹിത പഞ്ചായത്ത് വനിത | 0 | 100000 |
| | | 150000 | പാലിയേറ്റീവ് | 136277 | 13723 |
| | | 50000 | ഫലവൃക്ഷത്തൈ വിതരണം | 50000 | 0 |
| | | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | | 200000 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 200000 |
| | | 500000 | തോടുകളുടെ സംരക്ഷണം | 0 | 500000 |
| | | 200000 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ആയുർവേദ മരുന്ന് വാങ്ങൽ | 200000 | 0 |
| | | 40000 | ലൈഫ് എസ് സി | 0 | 40000 |

| | | | | | |
|---|---|---|---|---|---|
| | | 843834 | നെൽകൃഷി വികസനത്തിന് മോട്ടോർഷെഡ്ഡ് | 0 | 843834 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 37/11.3.22<br>22100568/30.3.22 | 15000<br>1614 | 0<br>0 | 15000<br>1614 |
| അനർട്ട് | സോളാർ പാനൽ സ്ഥാപിക്കൽ | 22100575/31.3.22 | 698500 | 0 | 698500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ വായ്പ തിരിച്ചടവ്

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വായ്പ യുടെ വിശദാംശം ചേർക്കുന്നില്ല.(ഖ 1.10.13 കാണുക)

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തിയ്യതി |
|---|---|---|---|
| 2007-08 /3-9 | 53998 | കുഞ്ഞിമാണി,തറയിൽകണ്ടത്തിൽ& അംബിക ബാബു ,പുത്തൻചിറ. | 1210105060/24 /2/2022 |
| | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|---|
| 1 | 1998-99 ചെലവ് | 47 | 2000-01 | Iv(75)(b) | കൊമ്പത്തുകടവ് കുടിവെള്ള പദ്ധതി-മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങി പദ്ധതി നടപ്പിലാക്കിയില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ ഉപയോഗ യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു |
| 2 | 2000-01, 2001-02 | 9 | 2004-05 | 3.8.1.2 | മരാമത്ത് പണികൾക്ക് മുൻകൂർതുകകൾ നൽകിയത്-പണി പൂർത്തിയാക്കിയില്ല. മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ് | മറുപടി നല്കിയിട്ടുണ്ട്. |
| 3 | 2014-15 | 2-1 | 2016-17 | 2.1 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല. | തുക അടവാക്കിയിട്ടുണ്ട്.നിയമസഭാ സമിതിക്ക് മറുപടി നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|---|
| 1 | 2000-01,01-02 ജനകീയാസൂത്രണം | 5 | 49500 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84616964 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84821131 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 149009/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 149009/- | അസി.എൻജിനീയർ സുമി മണിലാൽ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല. |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുമി മണിലാൽ | എംപ്ലോയ്മെന്റ് മുഖേന നിയമനം ആയിരുന്നു. നിലവിൽ സേവനത്തിൽ ഇല്ല. | തെക്കുട്ട് ഹൗസ്, മേത്തല |
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT9-1464/98, Dt.12.5.99/5.7.99 | 1 | 64(3) ക്രമനം.13,14,15 | |
| 2 | 1998-99 (ചെലവ്) | LFT9-910/00, Dt.3.10.00/7.12.00 | 1 | 47 | CAR |
| 3 | 1999-00 (ചെലവ്) | LFT9-932/01, Dt.24.2.01 | 11 | 9,15,16,18,27,28,29,30,38 | ഭരണവകുപ്പിനെ ഏൽപ്പിച്ചു |
| | | | | 35,36 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 4 | 2000-01, 2001-02 (ജനകീയാസൂത്രണം) | LFT9-1363/03,dt.7.1.04 /13.4.04 | 5 | 4,7,11,<br>5,<br>9 | സർചാർജ്<br>CAR |
| 5 | 2007-08 | LFTP12-1813/10,dt.3.10.11 /3.11.11 | 1 | 3-7(ക്രമനം.6,7) | |
| 6 | 2008-09 | LFTP12-1814/2010,dt.4.10.11 /3.11.11 | 3 | 3-3,3-8,3-9 | |
| 7 | 2009-10 | LFTP12-1815/10, Dt.4.10.11/3.11.11 | 4 | 3-1,3-8,3-10(1), 3-10(3) | |
| 8 | 2010-11 | LFTP1-1953/12, Dt.8-1-13/8.3.13 | 8 | 2-1,2-2 (1മുതൽ4വരെ, 11മുതൽ24വരെ (15,22ഒഴികെ),3-1,3-2,3-3(4),3-7, 3-9,3-11 | |

| | | | | | |
|---|---|---|---|---|---|
| 9 | 2011-12 | KSA-TSR-P1-1579/13, Dt.9.1.14/3.3.14 | 2 | 3-3,3-8 | |
| 10 | 2012-13 | LFTP1-1768/14,dt.4.4.15 | 5 | 2-3(2,3),3-3, 3-4,3-5,3-13 | |
| 11 | 2013-14 | KSA-TSR-P1-1684/15, Dt.28.12.15/9.2.16 | 5 | 2-1,3-1,3-5(3), 3-10,3-11 | |
| 12 | 2014-15 | KSA-TSR-P1-1034/16, Dt.30.6.16 | 2 | 2-1, 3-3(3) | CAR |
| 13 | 2015-16 | KSA-TSR-P1-1985/16,dt.14.11.16 | 9 | 2-4,3-2,3-7,3-9,3-10,3-12,3-13,3-17,3-21 | |
| 14 | 2016-17 | KSA-TSR-P1-1424/17,dt.18.9.17 | 10 | 2-1,2-2(4) ക്രമനം.1,3,4,2-4,2-9,2-10,3-3,3-8,3-11,3-15,3-17 | |
| 15 | 2017-18 | KSA-TSR-P1-1644/18, Dt.4.11.19 | 6 | 2-5(2)ൽ ക്രമനം.1ഒഴികെയുള്ളവ,2-8(എ,ബി),2-9,3-12,3-14,3-16 | |
| 16 | 2018-19 | KSA-TSR-P1-1448/19,dt.13.12.19 | 12 | 1-12, 1-13,1-14,1-17,1-20,1-21,1-22,1-23,1-24,1-25,1-26, 1-27 | |
| 16 | 2019-20 | KSA-TSR-(P10)899/22 30.06.22 | 16 | 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28,1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36 | |
| 16 | 2020-21 | KSA-TSR-(P10)899/22 30.06.22 | 21 | 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46,1-47, 1-48, | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ആകെ ഖണ്ഡികകൾ | | 122 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്